നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടി

106 [220] *ശ്രീ. ജോർജ് ജെ. മാത്യു:*

" *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ നടക്കുന്ന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി നടത്തുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) അതിന്റെ ഫലം കണ്ടുതുടങ്ങിയോ;

(സി) അഞ്ചുവർഷത്തിനുമുമ്പ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഏതുവിധത്തിൽ പരിഗണിക്കണമെന്നതു സംബന്ധിച്ച് എന്തെങ്കിലും കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിയിലെ ചീഫ് എക്സിക്യൂട്ടീവുകൾക്കും ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്കും, വിവിധ മാനേജ്മെന്റ് തലത്തിലുള്ളവർക്കും മാനവശേഷിയുടെ വികസനത്തിനായുള്ള പരിശീലന പരിപാടികൾ പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) മുഖേന കോമൺവെൽത്ത് സെക്രട്ടേറിയറ്റിന്റെ സഹകരണത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പനികളിലെ ഓഡിറ്റ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KIRF ബോർഡ്വഴി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യവസായ വകുപ്പുമന്ത്രിയും, സെക്രട്ടറിമാരും, പൊതുമേഖലാ പുനഃസംഘടനാ ബോർഡും (റിയാബ്) നേരിട്ട് അവലോകനം ചെയ്യാറുണ്ട്. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു വൺടൈം സപ്പോർട്ട് നൽകാനുള്ള നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, ധന-എക്സൈസ് വകുപ്പ് മന്ത്രി, കൃഷി-കയർ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനായി അധികമുള്ള ജീവനക്കാരെ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം പിരിഞ്ഞുപോകുന്നതിനായുള്ള ഒരു പദ്ധതി (സോഷ്യൽ സേഫ്റ്റിനെറ്റ് പ്രോഗ്രാം—എസ്. എസ്. എൻ. പി.) സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് നൽകിവരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ 2001-2002 മുതൽ 2004-2005 വരെയുള്ള ലാഭനഷ്ടക്കണക്കുകൾ പരിശോധിച്ചാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 1350 കോടി രൂപയിൽനിന്നും 1483 കോടി രൂപയിലേക്ക് ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം 173 കോടി രൂപയിൽനിന്നും 128 കോടി രൂപയായി കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) അമ്പേ; ഫോം മാറ്റിംഗ് ഇന്ത്യാ ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ്സ്, കേരള ഹൈടെക് ഇൻഡസ്ട്രീസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നിവയാണവ.

(ഡി) ഇല്ല.

[15-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ]

കരിമണൽ ഖനനം നടക്കുന്ന പ്രദേശങ്ങളും ലഭിക്കുന്ന ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് എന്നിവയുടെ ഗ്രേഡിംഗും വിനിയോഗവും

107 [1280] *ശ്രീ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം നടക്കുന്ന പ്രദേശങ്ങൾ ഏവ; ഖനനം നടത്തുന്ന ഓരോ പ്രദേശത്തുനിന്നും ഇപ്പോൾ ലഭിക്കുന്ന ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് എന്നിവ എത്ര ടൺ വീതമാണ്; ഇതിൽ എത്ര ടൺ വീതം ആഭ്യന്തര ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു; എത്ര ടൺ വീതം കയറ്റുമതി ചെയ്യുന്നു; എന്തു വിലയ്ക്കാണ് ഇവ ഓരോന്നും കയറ്റുമതി ചെയ്യുന്നത് എന്നിവ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly